തടവുകാരുടെ എണ്ണവും ജയിൽ പരിഷ്ക്കരണങ്ങളും

81 [1657] ശ്രീ. എ. സി. ഷൺമുഖദാസ്:
„ സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ ശിക്ഷിക്കപ്പെട്ടും വിചാരണത്തടവുകാരുമായി എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജയിലുകളിൽ എത്രപേർ വീതമുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ ജയിലുകളിൽ തടവുകാരെ നിയന്ത്രിക്കുന്നതിനാവശ്യമായ എത്ര ജീവനക്കാർ നിലവിലുണ്ട്;

(ഡി) തടവുപുള്ളികളെ നിയന്ത്രിക്കുന്നതിന് ഉദ്യോഗസ്ഥന്മാരുടേയും മറ്റു ജീവനക്കാരുടേയും കുറവുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ഇ) കേരളത്തിൽ എവിടെയൊക്കെയാണ് തുറന്ന ജയിലുകൾ ഉള്ളതെന്നും അവിടെയുള്ള തടവുകാരുടെ എണ്ണവും വെളിപ്പെടുത്തുമോ;

(എഫ്) തടവുകാരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ എത്ര ശതമാനമുണ്ട്;

(ജി) കേരളത്തിലെ ജയിലുകളിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശിക്ഷാതടവുകാർ .. 2404
വിചാരണതടവുകാർ .. 4011
ആകെ .. 6415

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.† (Annexure I)

(സി ആന്റ് ഡി) ജയിലുകളിൽ തടവുകാരെ നിയന്ത്രിക്കുന്നതിനും പരിപാലിക്കുന്നതിനുമായി വിവിധ തസ്തികകളിലായി 1110 പേരുണ്ട്. ഇതിൽ ഒഴിവുള്ള 283 വിവിധ തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരിയിലും കാസർഗോഡ് ജില്ലയിലെ ചീമേനിയിലും തുറന്ന ജയിൽ ഉണ്ട്. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ 204 തടവുകാരുണ്ട്. ചീമേനിയിലെ തുറന്ന ജയിലിൽ തടവുകാരെ പാർപ്പിക്കാൻ തുടങ്ങിയിട്ടില്ല.

(എഫ്) ശിക്ഷാതടവുകാർ .. 11.40%
വിചാരണതടവുകാർ .. 13.66%

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) കേന്ദ്ര/സംസ്ഥാന സഹായത്തോടുകൂടി പുതിയ സബ്ജയിലുകളുടെ നിർമ്മാണം, നിലവിലുള്ള ജയിൽ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, ജയിൽ ജീവനക്കാരുടെ പാർപ്പിട സൗകര്യം, ജയിലുകളിലെ ശുദ്ധജല വിതരണവും സാനിട്ടേഷൻ സൗകര്യവും വർദ്ധിപ്പിക്കൽ, ജയിലുകളിൽ വീഡിയോ കോൺഫറൻസ് സിസ്റ്റം സ്ഥാപിക്കൽ, ജയിലിലെ തടവുകാരുടെ തൊഴിൽ പരിശീലനം, ജയിൽ സുരക്ഷാക്രമീകരണങ്ങൾ എന്നീ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

കണ്ണൂർ ജയിലിൽ നിന്ന് വിയ്യൂർ ജയിലിലേക്ക് തടവുകാരെ മാറ്റിയ സംഭവം

82 [1658] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് 9 ജീവപര്യന്ത തടവുകാരെ ഹാബിച്ച്വൽ ക്രിമിനൽസിനെ തടവിലിടുന്ന വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റിയതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കേരള ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ ഈ നടപടി പുനഃപരിശോധിക്കുമോ;

(സി) പ്രസ്തുത തടവുകാരെ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് തിരികെ മാറ്റുന്നില്ലായെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തടവുകാരെ മാറ്റിയത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടല്ല.

(സി) ടി തടവുകാരെ വീണ്ടും കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റുന്നത് ജയിലിലെ സുരക്ഷിതത്വത്തിന് ഹാനികരമാണ്.

ജയിൽ പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കാൻ നടപടി

83 [1659] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ തടവുകാരുടെ ശിക്ഷ ഇളവ് ചെയ്യുന്നതിനായി ജയിൽ ഉപദേശക സമിതി നൽകിയ നിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര തടവുകാർക്ക് കഴിഞ്ഞവർഷം ഇളവുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ജസ്റ്റിസ് കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള ജയിൽ പരിഷ്ക്കരണ കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഈ നിർദ്ദേശങ്ങൾ എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly